പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 240

# 2025 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 240

# 2025 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ബിൽ

248/2025

# 2025 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ബിൽ

2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2015 -ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിലെ (2015 -ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (എ) ഖണ്ഡത്തിലെ (viii)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

3. 3എ, 3ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"3എ. ആക്റ്റ് പ്രകാരം അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട നിലവിലുള്ള ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച്, ഉയർന്ന നിയമ

പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ 2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിലെ (2015 -ലെ 18) വ്യവസ്ഥകൾ പ്രകാരം നേരിട്ടുള്ള നിയമനം വഴി നിയമിക്കപ്പെട്ട ജീവനക്കാരെ, വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേൽ സർവ്വകലാശാലകളിൽ നിയമിക്കാവുന്നതാണ്.

3 ബി. ഒഴിവാക്കൽ.—ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയെ 2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്റെ (2015 -ലെ 18) പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നാൽതന്നെയും പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രസ്തുത സർവ്വകലാശാലയെ പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട തീയതി വരെ പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അല്ലെങ്കിൽ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ കർത്തവ്യത്തെയോ ബാധ്യതയെയോ ബാധിക്കുന്നതല്ലാത്തതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2015 -ലെ 18) പ്രകാരം, പ്രസ്തുത ആക്റ്റിന്റെ 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള, ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ഉൾപ്പെടെയുള്ള സർവകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിനായുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത കമ്മീഷൻ തയ്യാറാക്കിയ പൊതു റാങ്ക് ലിസ്റ്റിൽ നിന്നും മേല്പറഞ്ഞ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുകയും ചെയ്തു.

2. എന്നാൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ സെലക്റ്റ് ലിസ്റ്റിൽ നിന്നും ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയിൽ നിയമനം ലഭിച്ചവർക്ക് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ജനറൽ പ്രോവിഡന്റ് ഫണ്ട് തുടങ്ങി മറ്റ് സർവ്വകലാശാലയിൽ നിയമിതരായവർക്ക് ലഭ്യമാകുന്ന സർവ്വീസ് ആനുകൂല്യങ്ങളൊന്നും ലഭ്യമല്ലാത്തതാണ്. കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം III സർവ്വകലാശാലയ്ക്ക് ബാധകമല്ലാത്തതിനാൽ ജീവനക്കാരെ നാഷണൽ പെൻഷൻ സ്കീമിൽ

ഉൾപ്പെടുത്തുവാനോ അതിലേയ്ക്ക് മാറ്റുവാനോ സാധിക്കുന്നതല്ല. നിലവിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടും അതിൻ കീഴിലുള്ള പെൻഷൻ സ്കീമും ആണ് ജീവനക്കാർക്ക് ബാധകമായിട്ടുള്ളത്.

3. സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള സ്റ്റാഫ് പാറ്റേൺ, ഉദ്യോഗപ്പേര്, യോഗ്യതകൾ, ശമ്പളസ്കെയിൽ എന്നിവ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല പിന്തുടരുന്നില്ല. കൂടാതെ ആവർത്തക പദ്ധതിയേതര ഗ്രാന്റുകൾ സർവ്വകലാശാലയ്ക്ക് ലഭിക്കുന്നുമില്ല. മാത്രമല്ല, പ്രസ്തുത സർവ്വകലാശാലയിലെ ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം III ബാധകമാക്കിയിട്ടില്ലാത്തതുമാണ്. ആയതിനാൽ, പ്രസ്തുത സർവ്വകലാശാല മറ്റ് സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമാണ്.

4. മേല്പറഞ്ഞ സാഹചര്യത്തിൽ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാലയുടെ സവിശേഷ സ്വഭാവം പരിഗണിച്ച് പ്രസ്തുത സർവ്വകലാശാലയെ 2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്റെ (2015 -ലെ 18) പരിധിയിൽ നിന്ന് ഒഴിവാക്കിയും പ്രസ്തുത സർവ്വകലാശാലയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും അനദ്ധ്യാപക തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് മറ്റ് സർവകലാശാലകളിൽ നിയമനം നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയും പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

5. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. ആർ. ബിന്ദു.

# 2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2015 -ലെ 18)

** ** ** **

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—

(എ) "സർവ്വകലാശാല" എന്നാൽ.—

** ** ** **

(viii) 2005 -ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിന്റെ (2005 -ലെ 27) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല; അല്ലെങ്കിൽ

** ** ** **

3. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) 2-ാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വകലാശാലാ ആക്റ്റുകളിലും അവയ്ക്കുകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും ഓർഡിനൻസുകളിലും റെഗുലേഷനുകളിലും ചട്ടങ്ങളിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനംവഴി ജീവനക്കാരെ നിയമിക്കുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) ഒരു സർവ്വകലാശാല, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനക്രമവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും;

(ബി) സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിൻമേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

കൂടിയാലോചിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഒരു കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്ന സംഗതിയിൽ കമ്മീഷൻ ആ കാര്യത്തിൽ സർവ്വകലാശാലയ്ക്ക് ഉപദേശം നൽകേണ്ടതാണ്.

(4) പബ്ലിക് സർവ്വീസ് കമ്മീഷനും സർവ്വകലാശാലയും തമ്മിൽ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കാര്യത്തിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകുന്നപക്ഷം സർവ്വകലാശാല ആ കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനുമുൻപ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

** ** ** **